വോളിബോൾ കളിയുടെ പ്രോത്സാഹനത്തിന് പദ്ധതികൾ

209 (2309) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വോളിബോൾ കളിയുടെ പ്രോത്സാഹനത്തിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) വോളിബോൾ കളിക്കാരുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) സംസ്ഥാന വോളി അസോസിയേഷൻ വോളിബോൾ പ്രോത്സാഹനത്തിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ ;

(ഡി) വോളിബോൾ താരങ്ങളെ കണ്ടെത്തി വളർത്തിയെടുക്കാൻ സംസ്ഥാന വോളി അസോസിയേഷൻ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. നാല് വോളിബോൾ അക്കാദമികൾ കേരളത്തിൽ പ്രവർത്തിച്ചു വരുന്നു. എ ഗ്രേഡിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരളാ സ്റ്റേറ്റ് വോളിബോൾ അസോസിയേഷന് കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഗ്രാന്റ് ഇൻ എയ്ഡ് റഗുലേഷൻ പ്രകാരം സംസ്ഥാന ചാമ്പ്യൻഷിപ്പുകളിലും മേഖല/ദേശീയ ചാമ്പ്യൻഷിപ്പുകളിലും പങ്കെടുക്കുന്നതിനും അതിനു മുന്നോടിയായി നടക്കുന്ന പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നതിനും ഗ്രാന്റ് അനുവദിച്ചു വരുന്നു. കൂടാതെ അന്തർദേശിയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് കിറ്റ് അലവൻസും നൽകുന്നുണ്ട്. ഉന്നതവിദ്യാഭ്യാസം സ്പോർട്സ് ക്വാട്ടാ നിയമനം എന്നിവയ്ക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ വോളിബോൾ താരങ്ങൾക്ക് പരിഗണന നൽകിവരുന്നു. ഇവർക്ക് പരിശീലനം നൽകുന്നതിന് ഡേ ബോർഡിംഗ് സെന്ററുകളും സ്പോർട്സ് ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു.

(ബി) കായിക താരങ്ങൾക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ഇതിന്റെ ഭാഗമായി വോളിബോൾ ഫെഡറേഷൻ ഓഫ് ഇൻഡ്യയ്ക്ക് കീഴിലുള്ള മിനി, സബ്ജൂനിയർ, ജൂനിയർ, യൂത്ത്, സീനിയർ, സൗത്ത്സോൺ സീനിയർ, സൗത്ത് സോൺ യൂത്ത് എന്നീ വിഭാഗങ്ങളിലുള്ള ടീമുകളെ സംസ്ഥാന ചാമ്പ്യൻഷിപ്പ് നടത്തി സ്ഥിരമായി മത്സരങ്ങളിൽ പങ്കെടുപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന മിനി ചാമ്പ്യൻഷിപ്പ് സംസ്ഥാന സബ്ജൂനിയർ ചാമ്പ്യൻഷിപ്പ് എന്നിവയിൽ നിന്നും 25 വീതം ആൺകുട്ടികളേയും പെൺ കുട്ടികളേയും തെരഞ്ഞെടുത്ത് ഇവർക്ക് പ്രത്യേക കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ ഗെയിംസ് ഫോർ വോളിബോൾ എന്ന പദ്ധതിയിലൂടെ കേരളത്തിലെ എല്ലാ ജില്ലകളിലേയും സ്കൂളുകളിൽ മത്സരങ്ങൾ നടത്തി ഓരോ ജില്ലയിൽ നിന്നും ആൺ പെൺ വിഭാഗത്തിൽ 10 താരങ്ങളെ വീതം തെരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചു വരുന്നു.

പുല്ലുരാംപാറയിലെ മത്തായി ചാക്കോ സ്മാരക സ്പോർട്സ് കോംപ്ലക്സ്

210 (2310) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) പുല്ലുരാംപാറയിലെ മത്തായി ചാക്കോ സ്മാരക സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭരണാനുമതി ഇപ്പോൾ ഏത് ഘട്ടത്തിലാ ണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്ന തിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പുല്ലുരാംപാറയിലെ മത്തായി ചാക്കോ സ്മാരക സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

നീന്തൽ പരിശീലന കേന്ദ്രത്തിന്റെ വികസന പ്രോജക്ട്

211 (2311) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്ത് നിർമ്മിച്ച നീന്തൽ പരിശീലന കേന്ദ്രത്തിന്റെ വികസന പ്രോജക്ടിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ പ്രോജക്ട് എന്നേക്ക് പൂർത്തീകരിക്കാൻ സാധിക്കു മെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly